ഗപ്പെടുത്താൻ സഹായിക്കും.

- ആശുപത്രിയിലെ മിക്ക ഡോക്ടർമാർക്കും അമിതമായി ബുക്കിംഗ് ഉണ്ട്. രണ്ടും മൂന്നും ദിവസം മുമ്പേയാണ് ഒപിയിലേക്കുള്ള അപ്പോയ്ന്റ്മെന്റ് നൽകാറ്.
- ഒപി കൺസൾട്ടിംഗ് റൂം ഫുൾ ആയതിനാൽ, ഒപി സർവീസ് നൽകുന്ന ഡോക്ടർമാരുടെ സേവനം 2010നു ശേഷം വർധിപ്പിച്ചിട്ടില്ല.
- ആശുപത്രിയിലെ എല്ലാ ഡോക്ടർമാരുടെയും ഒപി കൺസൾട്ടിംഗ് സമയം രാവിലെ ഒൻപത് മുതൽ ഒരു മണിവരെയാണ്. മിക്ക ഒപി കൺസൾട്ടിംഗ് റൂമുകളും വൈകിട്ട് മൂന്നു മണിക്കുശേഷം ഒഴിഞ്ഞുകിടക്കുകയാണ്.
- പല ഡോക്ടർമാരും ഈ സമയത്ത് മെഡിക്കൽ പ്രൊസീജിയറുകൾ ചെയ്യുകയോ വീട്ടിൽ പ്രാക്റ്റീസ് നടത്തുകയോ മറ്റു ക്ലിനിക്കുകളുടെ ഈവനിംഗ് ഒപിയിൽ ഇരിക്കുകയോ ചെയ്യുന്നു.
- വൈകിട്ട്, പ്രത്യേകിച്ച് സ്കൂൾ/ ഓഫീസ് സമയം കഴിഞ്ഞ് ഒപി ഉണ്ടോ എന്ന് മിക്ക രോഗികളും പതിവായി അന്വേഷിക്കാറുണ്ട്.
- ആശുപത്രിയിൽ വൈകിട്ട് ഒപി സേവനം നൽകിയാൽ ഒപിയിൽ വരുന്ന രോഗികളുടെ എണ്ണം ഗണ്യമായി വർധിപ്പിക്കാം.

ഈ മീറ്റിംഗിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ വൈകിട്ട് ഔട്ട് പേഷ്യന്റ് സർവീസസ് ആരംഭിക്കാൻ മാനേജ്മെന്റ് തീരുമാനിച്ചു. ഈ പുതിയ സിസ്റ്റം നടപ്പാക്കുന്നതിനു മുമ്പ്, അത് നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രധാന പ്രശ്നങ്ങൾ മാനേജ്മെന്റ് ലിസ്റ്റ് ചെയ്തു.

പരിഹാരങ്ങൾ എന്തെല്ലാം

ഡോക്ടർമാർ അവരുടെ ഒപി കൺസൾട്ടിംഗ് റൂമുകൾ സ്വന്തം മുറിയായി കരുതുകയും അവരുടെ സ്വകാര്യവസ്തുക്കൾ അവിടെ സൂക്ഷിക്കുകയും ചെയ്തിരുന്നു എന്നതായിരുന്നു ഒരു പ്രധാന പ്രശ്നം. അത് പരിഹരിക്കാനായി ഓരോ ഡോക്ടർക്കും അവരുടെ കൺസൾട്ടിംഗ് റൂമിൽ സാധനങ്ങൾ സൂക്ഷിക്കുവാനായി പൂട്ടുള്ള പേഴ്സണൽ ലോക്കറുകൾ നൽകി. വൈകിട്ട് ഒപി തുടങ്ങുമ്പോൾ നിലവിലുള്ള ഒപി നമ്പറുകൾ കുറയുമോ എന്നായിരുന്നു ഡോക്ടർമാരുടെ മറ്റൊരു പ്രധാന ആശങ്ക. അത് പരിഹരിക്കാനായി നിലവിലുണ്ടായിരുന്ന എല്ലാ ഡോക്ടർമാർക്കും അവരുടെ ഒപി വൈകുന്നേരത്തേക്കും ദീർഘിപ്പിക്കുവാൻ അവസരം നൽകി. അതായത് ഒൻപതു മുതൽ ഒരു മണിവരെ കൺസൾട്ടിംഗ് നടത്തിയിരുന്ന ഡോക്ടർക്ക് ഒൻപതു മുതൽ ഒരു മണിവരെയും പിന്നെ വൈകിട്ട് മൂന്നു മുതൽ ഏഴു മണിവരെയും കൺസൾട്ടിംഗ് നടത്താം. നിലവിലുണ്ടായിരുന്ന കുറേ ഡോക്ടർമാർ ഈ ഓപ്ഷൻ സ്വീകരിക്കുകയും വൈകിട്ടത്തേക്ക് കൺസൾട്ടിംഗ് സമയം നീട്ടുകയും ചെയ്തു. വൈകുന്നേരത്തെ ഒപിയിൽ ഇരിക്കാൻ കഴിയാത്തതും അതിനു സമ്മതമില്ലാത്തതുമായ ഡോക്ടർമാർക്കു പകരം, അതേ സ്പെഷ്യാലിറ്റിയിൽ വൈകിട്ടത്തേക്ക് വേറെ ഡോക്ടർമാരെ നിയമിക്കാൻ മാനേജ്മെന്റ് തീരുമാനിച്ചു. എന്നാൽ നിലവിലുള്ളവർക്ക് അധികമായി ബുക്കിംഗ് വരുന്നുണ്ടെങ്കിൽ മാത്രമേ, വൈകിട്ടത്തെ ഒപിയിലേക്കായി പുതിയ ഡോക്ടർമാരെ നിയമിക്കുകയുള്ളൂ എന്നുറപ്പാക്കി. ഈ ഗണത്തിൽ പെട്ട ഡോക്ടർമാരുടെ ഒപി നമ്പറുകൾ കൃത്യമായി നിരീക്ഷിക്കുവാനും അവർക്ക് ഇപ്പോഴുള്ള രോഗികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനും മാനേജ്മെന്റ് തീരുമാനമെടുത്തു.

■ ■

ഈവനിംഗ് ഒപി ആരംഭിച്ചതിനെത്തുടർന്ന്, 2012ൽ ഒപിയിൽ പ്രതിദിനം വരുന്ന രോഗികളുടെ എണ്ണം 800 ആയിരുന്നത്, 2016 ആയപ്പോഴേക്കും 1600 ആയി ഉയർന്നു

■ ■

അതിനുശേഷം അവർ നിലവിലുള്ളതും പ്രധാനപ്പെട്ടതുമായ എല്ലാ രോഗികളെയും ഈവനിംഗ് ഒപി തുടങ്ങിയ വിവരം അറിയിച്ചു. വർഷങ്ങളോളം ഇത് നടപ്പാക്കി. അതേത്തുടർന്ന്, 2012ൽ ഒപിയിൽ പ്രതിദിനം വരുന്ന രോഗികളുടെ എണ്ണം 800 ആയിരുന്നത്, 2016 ആയപ്പോഴേക്കും 1600 ആയി ഉയർന്നു. ഈ വർധനവ് മാനേജ്മെന്റിനെ അദ്ഭുതപ്പെടുത്തുന്നതായിരുന്നു. ഇത് ഐപി നമ്പർ ഗണ്യമായി വർധിക്കുന്നതിനും, അതുവഴി ആശുപത്രിയുടെ ലാഭം അതിശയിപ്പിക്കുന്ന വിധത്തിൽ ഉയരുന്നതിനും ഇടയാക്കി. രോഗികളിൽ നിന്നുള്ള ഫീഡ്ബായ്ക്കും വളരെ അനുകൂലമായിരുന്നു. അവർക്ക് ഒരു ദിവസം അവധിയെടുക്കാതെ ആശുപത്രിയിലെ ഒപിയിൽ വരാൻ കഴിയുന്നു എന്നതിനെ അവർ അഭിനന്ദിക്കുകയും വിലമതിക്കുകയും ചെയ്തു.

ഇവിടെ കാണുന്നതുപോലെ, ഈവനിംഗ് ഒപി സിസ്റ്റം നടപ്പാക്കിയതിലൂടെ ആശുപത്രിക്ക് തങ്ങളുടെ ലാഭവും രോഗികളുടെ സംതൃപ്തിയും ഗണ്യമായി വർധിപ്പിക്കുവാൻ കഴിഞ്ഞു. എന്നാൽ തിരക്കുള്ള മിക്ക ആശുപത്രികളും ഇതുവരെയും ഇത്രയും പ്രയോജനകരമായ സിസ്റ്റം നടപ്പാക്കിയിട്ടില്ല എന്നതാണ് ഏറ്റവും അതിശയകരമായ വസ്തുത. ■

ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡൈ്വസറാണ് ലേഖകൻ.

1992ൽ IIM (L) നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡൈ്വസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. website: www.we-deliver-results.com, email: tinyphilip@gmail.com

JAB LIFE DE PERFECT MAUKA, CATCH KARO.
Rohit Sharma
VKC®
*MRP mentioned is per 2N (1 pair) inclusive of all taxes.
ART No. 10105
COLOUR: BK Blue | BK Red
SIZE: 6X10
MRP: ₹ 499.00*
ART No. 4659
COLOUR: Red | Grey
SIZE: 6X10
MRP: ₹ 379.00*
Cricket ho Yaa life
Walkaroo™
FOR ALL WALKS OF LIFE
VKC Group Division - M/S U4C International Pvt. Ltd.
NH - 17, Kolathara P.O., Calicut - 673 655. Ph: 0495 3020090. www.walkaroo.in